# HELP DOCUMENT FOR USING PRISM ONLINE SOFTWARE

# IN RURAL DEVELOPMENT DEPARTMENT

സർക്കാർ ഉത്തരവ് നം. 421/2014/ധന. തീയതി 25/09/2014 പ്രകാരം, ഗ്രാമവികസന വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയാറാക്കുന്നതും അനുവദിക്കുന്നതും, ധനകാര്യ വകുപ്പിന്റെ Online Software ആയ PRISM Online Software മുഖാന്തിരമാണ്.

ടി PRISM Online Software മുഖാന്തിരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയാറാക്കുന്നതിനായി വിരമിക്കുന്ന ജീവനക്കാർ, www.finance.kerala.gov.in എന്ന website ലൂടെയോ, www.prism.kerala.gov.in എന്ന website ലൂടെ നേരിട്ടോ പ്രവേശിക്കുക. ടി Online Software ഉപയോഗിക്കുന്നതിനുള്ള ആദ്യത്തെ നടപടി User Registration ആണ്. വിരമിക്കുന്ന ജീവനക്കാരൻ സ്വന്തം PEN, Date of Birth, Mobile Number, E-mail Id എന്നിവ ഉപയോഗിച്ച് ടി Software യിൽ Registration നടത്തേണ്ടതാണ്. വിരമിക്കുന്ന ജീവനക്കാരൻ തയാറക്കുന്ന Online Pension അപേക്ഷ സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി വിരമിക്കുന്ന ജീവനക്കാരന്റെ ഓഫീസ് മേലധികാരിയും, സ്വന്തം PEN, Date of Birth, Mobile Number, E-mail Id എന്നിവ ഉപയോഗിച്ച് Registration നടത്തേണ്ടതാണ്. കൂടാതെ, Pension ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി എല്ലാ Pension Sanction Authority – കളും ഇതേപോലെ Registration നടത്തേണ്ടതാണ്.

Registration നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ, തുടർന്ന് ഈ Software ഉപയോഗിക്കുന്നതിനുള്ള User ID യും Password ഉം അനുവദിക്കുന്നതിനായി വകുപ്പിനായി നിയോഗിച്ചിട്ടുള്ള Nodal Officer-എ ബന്ധപ്പെടേണ്ടതാണ്. (**Nodal Officer: Sri. Anil Kumar P, Senior Clerk, Mob: No. 9496225332**) Registration – നു വേണ്ടി നൽകിയിട്ടുള്ള ജീവനക്കരന്റെ വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി Nodal Officer, User Id യും Password ഉം അനുവദിച്ച്, ജീവനക്കാരൻ Registration – നു വേണ്ടി നൽകിയിട്ടുള്ള Mobile Number -ലേക്ക് SMS ആയി ലഭ്യമാക്കുന്നതാണ്.

Non-Gazetted officer -മാരുടെ, തയാറാക്കപ്പെട്ട Online Pension Proposal ഓഫീസ് മേലധികാരി മുഖാന്തിരം അതാത് ജില്ലകളിലെ Pension Sanction Authority ആയ Assistant Development Commissioner(General)-നു നൽകേണ്ടതും, Assistant Development Commissioner(General) പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് Accountant General – നു Online ആയിത്തന്നെ അയച്ചു കൊടുക്കേണ്ടതുമാണ്. Online Pension Proposal അയച്ചതിനു ശേഷം ജീവനക്കാരന്റെ Service Book- ഉം അതാത് Pension Sanction Authority മുഖാന്തിരം Accountant General – നു അയച്ചു കൊടുക്കേണ്ടതാണ്. വകുപ്പിലെ Gazetted officer- മാരുടെ Online Pension Proposal, അതാത്, Receiving Authority മുഖാന്തിരം വകുപ്പ് തലവന് അയച്ചു കൊടുക്കേണ്ടതാണ്.

Online Pension Proposal തയാറാക്കുന്നതിന് വകുപ്പിനായി നിയോഗിച്ചിട്ടുള്ള Nodal Officer -ടെ സഹായം തേടാവുന്നതാണ്.